സമുന്നതി

കേരള സർക്കാർ

സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്

# ''സംരംഭകത്വ നൈപുണ്യവികസന പരിശീലന പരിപാടി''

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ (സമുന്നതി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) മുഖേന കേരളത്തിലെ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്കായി വിവിധ ജില്ലകളിൽ ''സംരംഭകത്വ നൈപുണ്യവികസന പരിശീലന പരിപാടികൾ'' സംഘടിപ്പിക്കുന്നു.

പരിശീലനം രണ്ടു ഘട്ടങ്ങളിലായി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഒന്നാം ഘട്ട പരിശീലനം വിജയകരമായി പൂർത്തീകരിച്ചവർക്ക് രണ്ടാം ഘട്ട പരിശീലനം നൽകുന്നതാണ്. കേരളത്തിലെ താഴെപ്പറയുന്ന 8 ജില്ലകളിലാണ് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്.

| ക്രമ നമ്പർ | ജില്ല | തെരെഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങൾ | ആദ്യഘട്ട പരിശീലന പരിപാടി | രണ്ടാം ഘട്ട പരിശീലന പരിപാടി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം, ഫോർട്ട്, നെടുമങ്ങാട്, ചിറയിൻ കീഴ്/ വർക്കല | 3 | 1 |
| 2 | കൊല്ലം | ചടയമംഗലം, കൊട്ടാരക്കര | 2 | 1 |
| 3 | പത്തനംതിട്ട | പന്തളം/ അടൂർ | 1 | |
| 4 | കോട്ടയം | ചങ്ങനാശേരി, കോട്ടയം, പാലാ | 3 | 2 |
| 5 | ആലപ്പുഴ | ഹരിപ്പാട് / ചേർത്തല | 1 | |
| 6 | എറണാകുളം | ആലുവ, പെരുമ്പാവൂർ | 2 | |
| 7 | പാലക്കാട് | പാലക്കാട്, മണ്ണാർക്കാട് | 2 | 1 |
| 8 | കോഴിക്കോട് | കോഴിക്കോട്, വടകര, കൊയിലാണ്ടി | 3 | |

ആദ്യഘട്ട പരിശീലന പരിപാടി മുഖേന, സ്വയം സംരംഭകത്വത്തിന്റെ ആവശ്യകത, സംരംഭകത്വ വിജയഗാഥകൾ, സംരംഭകത്വ നൈപുണ്യ അഭിരുചി വികസന പദ്ധതികൾ എന്നിവയെ കുറിച്ചുള്ള ബോധവത്കരണം നടത്തുന്നതാണ്.

രണ്ടാംഘട്ട പരിശീലന പരിപാടി മുഖേന താഴെപ്പറയുന്ന ഏതെങ്കിലും മേഖലയിൽ സ്വയം സഹായ സംരംഭം തുടങ്ങുന്നതിനാവശ്യമായ പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്.

- കോഴി വളർത്തൽ
- ആടു വളർത്തൽ
- കാട കോഴി വളർത്തൽ
- മത്സ്യകൃഷി
- കൂൺ കൃഷി
- ഷീ കഫേ
- ഷീ ഫാർമസി
- ബ്യൂട്ടീഷ്യൻകോഴ്സ്
- പച്ചക്കറി കൃഷി
- ഡാൻസ്, മ്യൂസിക്ക് തെറാപ്പി
- വസ്ത്രനിർമ്മാണം
- എംബ്രോയിഡറി, പെയിന്റിംഗ്
- കന്നുകാലി പരിപാലനം.

സംരംഭകത്വ പരിശീലന പരിപാടിക്കു പുറമേ സംരംഭം തുടങ്ങുന്നതിനാവശ്യമായ ഉപദേശങ്ങളും ഈ പദ്ധതിയിലൂടെ വിദഗ്ധർ നൽകുന്നതാണ്.

പരിശീലന പരിപാടി 2016 ഒക്ടോബർ -നവംബർ, മാസങ്ങളിലായി സമയബന്ധിതമായി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് മുൻകൂർ രജിസ്ട്രേഷൻ ആവശ്യമാണ് (രജിസ്ട്രേഷൻ ഫോമിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്യാവുന്നതാണ്). പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യം ഉള്ളവർ രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് സമുന്നതിയുടെ തിരുവനന്തപുരം ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. ഹാളും തീയതിയും പരിശീലന പരിപാടിക്ക് മുമ്പായി രജിസ്റ്റർ ചെയ്തവരെ അറിയിക്കുന്നതാണ്.